# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5323

26.03.2018-ൽ മറുപടി നൽകേണ്ടത്

### അദ്ധ്യാപകർ/ഇൻസ്ട്രക്ടർ തസ്തികകളിലെ പൊതുസ്ഥലം മാറ്റം

**ശ്രീ.ഹൈബി ഈഡൻ**

**പ്രൊഫ. സി.രവീന്ദ്രനാഥ്**
**(ബഹു. വിദ്യാഭ്യാസ മന്ത്രി )**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ ) | വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽ 2017-18 അദ്ധ്യയന വർഷത്തെ അദ്ധ്യാപകർ/ഇൻസ്ട്രക്ടർ തസ്തികകളിലെ പൊതുസ്ഥലം മാറ്റം ജൂണിന് മുമ്പായി പൂർത്തീകരിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; | (എ ) | നടപ്പിലാക്കാനായിട്ടില്ല. |
| (ബി ) | 2017-18 ലെ അദ്ധ്യാപക സ്ഥലംമാറ്റം എത്ര മാസം കൊണ്ടാണ് പൂർത്തീകരിച്ചത്; അദ്ധ്യയന വർഷത്തിന്റെ പകുതി കഴിഞ്ഞുള്ള പൊതുസ്ഥലം മാറ്റം അദ്ധ്യാപകർക്കുണ്ടാക്കിയ ബുദ്ധിമുട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | എട്ടു മാസം. (2017 മാർച്ച് മുതൽ ഒക്ടോബർ വരെ) വളരെ നാളുകളായി ഹോം ഡിസ്ട്രിക്റ്റിൽ നിന്ന് മാറി ജോലിചെയ്തിരുന്ന അനേകം അധ്യാപകർക്ക് സ്വദേശത്ത് തിരിച്ചെത്താൻ സാഹചര്യമൊരുക്കിയ സ്ഥലം മാറ്റമാണ് 2017 ൽ നടന്നത്. ബഹുഭൂരിപക്ഷം അധ്യാപകർക്കും ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട് . |
| (സി) | 2017-18 അദ്ധ്യയന വർഷം വി.എച്ച്.എസ്.സി.യിൽ പൊതുസ്ഥലമാറ്റത്തോടൊപ്പം മ്യൂച്വൽ ട്രാൻസ്ഫർ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡമെന്താണ്; പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത അദ്ധ്യാപകർക്ക് മ്യൂച്വൽ ട്രാൻസ്ഫർ നൽകിയിട്ടുണ്ടോ; | (സി) | ഇല്ല |

| | | | |
|---|---|---|---|
| (ഡി) | രണ്ട് വർഷത്തിൽ താഴെ സർവ്വീസുള്ള അദ്ധ്യാപകരെ സ്ഥലം മാറ്റിയിട്ടുണ്ടോ; | (ഡി) യും (ഇ) യും | മൂന്നു വർഷത്തിലധികമായി ഒരേ സ്റ്റേഷനിൽ തുടരുന്നവർ ആവശ്യപ്പെട്ട സ്റ്റേഷനിൽ, പി.എസ്.സി യിൽ നിന്നുള്ള ഫ്രഷ് ഹാൻഡ് ആണ് നിലനിന്നിരുന്നതെങ്കിൽ അവരെ മാറ്റിയിട്ടുണ്ട്. സർക്കാർ അംഗീകരിച്ച മാനദണ്ഡം പ്രകാരമുള്ള സ്ഥലം മാററമാണ് നടത്തിയിട്ടുള്ളത്. |
| (ഇ) | സർവ്വീസിൽ സീനിയറായ അദ്ധ്യാപകൻ/ഇൻസ്ട്രക്ടർ അപേക്ഷിക്കാതെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത അദ്ധ്യാപകരെ/ഇൻസ്ട്രക്ടർമാരെ നിയമിക്കുവാൻ വേണ്ടി സ്ഥലം മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് മാനദണ്ഡപ്രകാരം ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ